www.malankaralibrary.com



ഡോ. സുകുമാർ അഴീക്കോട്

# ജീവന്റെ അറയിലേക്ക്

**ചാ**വറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നാണ് ഈ വൈദികശ്രേഷ്ഠന്റെ മുഴുപ്പേര്. പക്ഷേ , അദ്ദേഹം എങ്ങും സ്മരിക്കപ്പെടുന്നത് ചാവറയച്ചൻ എന്ന സംക്ഷേപസുന്ദരമായ പേരിലാണ്. ആ പ്രചാരമാർന്ന ചുരുക്കപ്പേരിൽ അദ്ദേഹത്തെ ഭക്തിപൂർവം വിളിച്ചുപോന്ന തലമുറകൾ, ആ വിളിയിൽ ഏതോ ഒരു യുക്തിയോ അർത്ഥമോ മറച്ചുവച്ചതുപോലെ തോന്നുന്നു.

അച്ചന്റെ കുടുംബനാമമാണ് ചാവറ. അദ്ദേഹത്തിന്റെ പൂർവികരുടെ പാരമ്പര്യത്തിന്റെ വിളനിലമാണ് ആ കുടുംബം. സാധാരണ നരജീവിതം നയിക്കുന്നവർ സ്വന്തം കർമങ്ങൾ കൊണ്ട് കുടുംബത്തിന്റെ ചരിത്രത്തിൽ തങ്ങളുടെ നല്ലൊരു സംഭാവന കൂട്ടിച്ചേർക്കുന്നു. അപ്രകാരമാണ് ലോകജീവിതം അതിന്റെ പാളത്തിലൂടെ മുന്നോട്ടു പോകുന്നത്.

ചാവറയച്ചൻ സന്യാസിയായപ്പോൾ കുടുംബത്തെ ഉപേക്ഷിച്ചില്ല. സന്യാസത്തിലേക്കു കടന്നു ചെല്ലുന്നയാൾ ലൗകിക കുടുംബത്തിന്റെ കണ്ണി അറക്കുന്നുവെന്നാണ് പൊതുവിലുള്ള സങ്കൽപം. പക്ഷേ , കുടുംബത്തിൽ നിന്ന് കണ്ണി മുറിച്ച് അകന്നു പോകുന്നവർ 'ധൂർത്തപുത്രന്മാർ' ആണ്. കുര്യാക്കോസ് ഏലിയാസ് സൽപുത്രനാകയാൽ തന്റെ കുടുംബത്തെ നിഷേധിക്കുകയല്ല, അതിവർത്തിക്കുകയാണ് ചെയ്തത്. അതിവർത്തനത്തിൽ ഒന്നും ഇല്ലാതാവുന്നില്ല; ഓരോന്നിന്റെയും അതിർത്തി വലുതാവുന്നതേയുള്ളു. സന്യാസത്തിന്റെ നിയോഗം ഏൽക്കുന്ന ആളുടെ കുടുംബം വളരെ വലുതാണ്, ലോകം മുഴുവനുമാണ്, ആ ലോകത്തിലെ അനാഥരും അശരണരും അടങ്ങിയ അധഃകൃത സമൂഹമാണ്. 'വസുധൈവ കുടുംബകം' എന്നു പറയുന്ന അവസ്ഥ.



ചാവറയച്ചൻ ഉപയോഗിച്ചിരുന്ന വള്ളം

www.malankaralibrary.com

ഈ വലിയ - ആരെയും ഒഴിവാക്കാത്ത - കുടുംബം സർവേശ്വരന്റെ ചുമതലയിൽ പെടുന്നു. സ്വന്തം കുടുംബത്തെ വിശ്വകുടുംബത്തിൽ ലയിപ്പിച്ച് പ്രവർത്തിക്കാൻ വ്രതമെടുത്ത ആളുകളാണ് സന്യാസികൾ, ദൈവത്തിന്റെ കൈവിരലുകൾ. ആ അംഗുലികൾ കൊണ്ട് ദൈവം കുഷ്ഠരോഗികളെ തലോടുകയും വ്രണിതന്റെ മുറിവ് കെട്ടുകയും ദുഃഖിതന്റെ കണ്ണീരൊപ്പുകയും ചെയ്യുന്നു. ആ വഴിയാണ് ക്രിസ്തുദേവൻ ചവിട്ടിപ്പോയ വഴി. ലോകദൃഷ്ടിയിൽ അതു സുഖരഹിതവും വേദനാപൂർണവുമാണ്. അതാണ് കുരിശിന്റെ സന്ദേശം. കുരിശ് ലോകദൃഷ്ടിയിൽ കഠിനയാതന ഉളവാക്കുന്ന ദണ്ഡനയന്ത്രമാണ്. പക്ഷേ , ജീവന്റെ അവസാനിക്കാത്ത പാതയിലൂടെ സഞ്ചരിച്ച്, വിശ്വൈകനാഥന്റെ അടുത്തേക്കു പോകാൻ ഒരുങ്ങുന്നവർക്ക് ആനന്ദത്തിന്റെയും അലൗകിക സാഫല്യത്തിന്റെയും മാർഗമാണത്.

മൃത്യുവിൽ നിന്ന് അമരത്വത്തിലേക്ക് പോകണമെന്ന് ഉപനിഷത്ത് പറഞ്ഞ സത്യം യേശു ഭഗവാൻ ജീവിതത്തിൽ നിന്ന് അനശ്വരതയിലേക്കുള്ള പ്രയാണം എന്നു വിവരിച്ചു. അനശ്വരതയിൽ കാലത്തിന്റെ ചലനം തീരുകയും നിത്യകാലമെന്ന പരോക്ഷാനുഭവം ഉണ്ടാവുകയും ചെയ്യുന്നു.

ആ ജീവന്റെ അറയിലേക്കാണ് ഈ ചാവറക്കാരൻ മുഖം തിരിച്ചു പോയത്. അദേഹത്തിന്റെ ആത്മീയജീവിതത്തിന്റെ ലക്ഷ്യം നേരത്തേ ആ മനസിൽ സൂക്ഷിച്ചിരുന്നുവെന്ന് 'ചാവറ' എന്ന പദം ഏതോ മിസ്റ്റിക്ക് രീതിയിൽ ചിന്താശീലരോട് സംവദിക്കുന്നുവെന്ന് ഞാൻ ഉൽപ്രേക്ഷിക്കട്ടെ.

ഈ അനശ്വരതയിൽ അച്ചൻ വൈദികർക്കും കന്യകൾക്കും ധ്യാനനിഷ്ഠയ്ക്ക് ഉതകുന്ന മഠങ്ങൾക്ക് രൂപം നൽകി. 'വിദ്യാഭ്യാസത്തിലൂടെ വിമോചനത്തിന്റെ തുടക്കം' എന്ന ആശയത്തെ പ്രായോഗികമാക്കി കാണിച്ചു. പള്ളിയുണ്ടെങ്കിൽ പള്ളിക്കൂടം വേണം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന്റെ നവീകരണം കൂടി ഈ പരിപാടിയിൽ അച്ചൻ ഉൾച്ചേർത്തില്ലേ? ഉൾച്ചേർത്തെന്നാണ് എന്റെ വിശ്വാസം. പാവങ്ങളെ തെരഞ്ഞുപിടിച്ച് അവരെ ജ്ഞാനത്തിന്റെ പ്രകാശത്തിൽ പ്രതിഷ്ഠിച്ചു. കുടുംബത്തിന്റെ അറയിൽ നിന്ന് മാനവസമൂഹത്തിന്റെ വിശാലമായ തുറന്ന അറയിലേക്കു സഞ്ചരിക്കാൻ അദ്ദേഹം പല വഴികൾ ഉണ്ടാക്കി. അറിവ് അച്ചടിയിലൂടെ പ്രചരിപ്പിക്കാൻ മുദ്രണശാല തുടങ്ങി- കേരളത്തിലെ ആദ്യമുദ്രണയത്നങ്ങളിൽ ഒന്ന്. അദ്ദേഹം പത്രാധിപരായി പ്രവർത്തിച്ചു. സഭയിലെ ഉന്നത നിർവാഹകശക്തിയായി പ്രവർത്തിച്ചു.

ഇതൊക്കെ ചെയ്യുമ്പോൾ അച്ചന്റെ നോട്ടം കാലാതീതമായ മഹാജ്യോതിസിലോട്ടായിരുന്നു. ലൗകികവും ആത്മീയവുമായ മണ്ഡലങ്ങളെ പരസ്പരചൈതന്യപ്രവാഹത്തിലൂടെ ഉദ്ഗ്രഥിക്കുമ്പോൾ വ്യക്തിത്വത്തിന്റെ ദൈവികപ്രഭാവം പ്രഫുല്ലമാകുന്നു. അപ്പോൾ അദ്ദേഹം വാഴ്ത്തപ്പെടുന്നവനാണ്!



***ചാവറയച്ചൻ സഞ്ചരിച്ചിരുന്ന വില്ലുവണ്ടി***